**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 581** **23-07-2021 - ൽ മറുപടിയ്ക്ക്**

**തീരദേശ സംരക്ഷണത്തിന് സാമ്പത്തിക പാക്കേജ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ.കെ.രമ | | **Shri Saji Cherian**<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് തീരദേശങ്ങളിൽ തുടരെ ഉണ്ടാകുന്ന കടലാക്രമണങ്ങളിൽ നിന്നും മറ്റ് പ്രകൃതി പ്രതിഭാസങ്ങളിൽ നിന്നും തീരദേശത്തെ സംരക്ഷിക്കുന്നതിനായി പ്രഖ്യാപിച്ചിരുന്ന സാമ്പത്തിക പാക്കേജിന്റെ പ്രവർത്തനങ്ങൾ ഇപ്പോൾ ഏതു ഘട്ടത്തിലാണന്നറിയിക്കുമോ; | (എ) | സംസ്ഥാനത്ത് തീരദേശങ്ങളിൽ തുടരെ ഉണ്ടാകുന്ന കടലാക്രമണങ്ങളിൽ നിന്നും മറ്റ് പ്രകൃതി പ്രതിഭാസങ്ങളിൽ നിന്നും തീരദേശത്തെ സംരക്ഷിക്കുന്നതിനായി കിഫ്ബി ധനസഹായ ത്തോടെ കേരള സംസ്ഥാന തീരദേശ വികസന കോർപറേഷൻ മുഖേന 96.77 കോടി രൂപയുടെ തീരസംരക്ഷണ പ്രവൃത്തികൾ നടപ്പിലാക്കി വരുന്നു. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | എന്തൊക്കെ ഘടകങ്ങളാണ് ഈ പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദാംശങ്ങൾ നൽകുമോ; | (ബി) | സംസ്ഥാനത്ത് തീരദേശങ്ങളിൽ തുടരെ ഉണ്ടാകുന്ന കടലാക്രമണങ്ങളിൽ നിന്നും മറ്റ് പ്രകൃതി പ്രതിഭാസങ്ങളിൽ നിന്നും തീരദേശത്തെ സംരക്ഷിക്കുന്നതിനായി കിഫ്ബി ധനസഹായ ത്തോടെ കേരള സംസ്ഥാന തീരദേശ വികസന കോർപറേഷൻ മുഖേന 96.77 കോടി രൂപയുടെ തീരസംരക്ഷണ പ്രവൃത്തികൾ നടപ്പിലാക്കി വരുന്നു. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (സി) | വേ സൈഡ് സൗകര്യ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഘടകങ്ങളെന്തെല്ലാമാണ്; ഏതൊക്കെ മേഖലകളിലാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്; ഇതിനായി മാനദണ്ഡങ്ങളെന്തെങ്കിലും നിശ്ചയിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ; | (സി) | ബഡ്ജറ്റ് പ്രസംഗം 2021-22 പ്രകാരം തീരദേശ ഹൈവേയുമായി ബന്ധപ്പെട്ടാണ് വേ സൈഡ് സൗകര്യ പദ്ധതി പ്രഖ്യാപിച്ചിട്ടുള്ളത്. നിലവിൽ ടി പദ്ധതി ഫിഷറീസ് വകുപ്പ് മുഖേനയല്ല നടപ്പാക്കുന്നത്. |
| (ഡി) | പ്രസ്തുത പദ്ധതികളുമായി ബന്ധപ്പെട്ട് വടകര നിയോജക മണ്ഡലത്തിലെ തീരദേശത്ത് നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ നൽകുമോ? | (ഡി) | ബഡ്ജറ്റ് പ്രസംഗം 2021-22 പ്രകാരം തീരദേശ ഹൈവേയുമായി ബന്ധപ്പെട്ടാണ് വേ സൈഡ് സൗകര്യ പദ്ധതി പ്രഖ്യാപിച്ചിട്ടുള്ളത്. നിലവിൽ ടി പദ്ധതി ഫിഷറീസ് വകുപ്പ് മുഖേനയല്ല നടപ്പാക്കുന്നത്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | അനുമതി ലഭിച്ച തുക (ലക്ഷത്തിൽ) | ജില്ല | നിലവിലെ അവസ്ഥ |
|---|---|---|---|---|
| 1 | മഞ്ചേശ്വരം ഫിഷിംഗ് ഹാർബറിലെ തെക്ക് ഭാഗത്ത് ബീച്ച് സ്റ്റെബിലൈസേഷൻ പ്രവൃത്തി | 1347.00 | കാസർ ഗോഡ് | 17 ഗ്രോയിനിൽ 9 എണ്ണം വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചു വരുന്നു. ഗ്രോയിൻ -1 - 90% പൂർത്തീകരിച്ചു. ഗ്രോയിൻ- 2, 3, 4 & 6 -80% പൂർത്തീകരിച്ചു. ഗ്രാനൈറ്റിൻറെ ദൗർലഭ്യം ഉണ്ടെങ്കിലും ത്വരിതഗതിയിൽ നിർമ്മാണം പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |
| 2 | കണ്ണൂർ തലായ് ഫിഷിംഗ് ഹാർബറിലെ അഡീഷണൽ ഗ്രോയിൻ നിർമ്മാണം | 348.00 | കണ്ണൂർ | നിർമ്മാണം പൂർത്തീകരിച്ചു |
| 3 | ചേറ്റുവ ഫിഷിംഗ് ഹാർബറിലെ തെക്ക് ഭാഗത്തെ ഗ്രോയിൻ നിർമ്മാണം | 686.00 | തൃശ്ശൂർ | ഗ്രോയിൻ - 3 - പൂർത്തീകരിച്ചു. ഗ്രോയിൻ - 1 & 2 നിർമ്മാണം ആരംഭഘട്ടത്തിലാണ് |
| 4 | കൊല്ലം ബീച്ച് മുതൽ താന്നിവരെയുള്ള തീരസംരക്ഷണ പ്രവൃത്തി | 3508.00 | കൊല്ലം | 8225 എണ്ണം ടെട്രാപോഡ് കാസ്റ്റിംഗിൽ 2880 എണ്ണം പൂർത്തീകരിച്ചു. 23 ഗ്രോയിനിൽ ഗ്രോയിൻ - 8, 9, 14 & 16 - 80% പൂർത്തീകരിച്ചു. ഗ്രോയിൻ - 10, 11, 13 & 17 70% പൂർത്തീകരിച്ചു. ഗ്രോയിൻ - 19, 20 60% പൂർത്തീകരിച്ചു. ഗ്രോയിൻ - 12 & 21 - പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. പാറയുടെ ലഭ്യത കുറവ് കാരണം നിർമ്മാണ പ്രവർത്തി സാവാധാനത്തിലാണ് നിലവിൽ നടക്കുന്നത്. പാറ ലഭ്യമാക്കുന്നതിനെപ്പറ്റി ജില്ലാ കളക്ടറുമായി നിരന്തരം ബന്ധപ്പെട്ടു വരുന്നു |
| 5 | മുതലപ്പൊഴി ഫിഷിംഗ് ഹാർബർ- താഴമ്പള്ളി സൈഡ്, കഠിനംകുളം കായലിലെ തീരസംരക്ഷണ പ്രവർത്തി | 1831.00 | തിരുവനന്തപുരം | നിർമ്മാണ പ്രവൃത്തിക്ക് ലഭ്യമായ നിരക്ക് LMR നിരക്കിനേക്കാൾ കൂടി നിൽക്കുന്നതിനാൽ പ്രവർത്തിയുടെ ടെണ്ടർ അംഗീകരിക്കുന്നതിനായി സർക്കാരിൽ സമർപ്പിച്ചിരിക്കുന്നു. തുടർന്നുനടന്ന യോഗ |

| | | | |
|---|---|---|---|
| | | | തീരുമാന പ്രകാരം ടി പ്രവൃത്തിയ്ക്കായി പാറ ഒഴിവാക്കി കൊണ്ടുള്ള Alternate proposal തയ്യാറാക്കി വരുന്നു. |
| | ആകെ | 7720.00 | |

ആധുനിക നിർമ്മാണ രീതി: ജിയോട്യൂബ് ഉപയോഗിച്ച് ഓഫ് ഷോർ ബ്രേക്ക് വാട്ടർ നിർമ്മാണം

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | അനുമതി ലഭിച്ച തുക (ലക്ഷത്തിൽ) | ജില്ല | നിലവിലെ അവസ്ഥ |
|---|---|---|---|---|
| 1 | പൂന്തുറ തീരസംരക്ഷണ പ്രവർത്തി | 1957.434 | തിരുവനന്തപുരം | നിർമ്മാണ പ്രവർത്തി ഏറ്റെടുത്ത കരാറുകാരൻ തീരദേശ വികസന കോർപ്പറേഷനുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. നിർമ്മാണ പ്രവർത്തി കടൽ ശാന്തമാകുന്നതനുസരിച്ച് സെപ്റ്റംബർ മാസം ആരംഭിക്കുന്നതാണ് കൂടാതെ ജിയോട്യൂബിൻറെ പരിശോധന ഐ.ഐ.റ്റി.യിൽ നടന്നു വരുന്നു. |
| | **ആകെ** | **1957.434** | | |

Sobitha
ഡെപ്യൂട്ടി സെക്രട്ടറി